# പതിനാലാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2016-2019)

# പതിനഞ്ചാമത് റിപ്പോർട്ട്

(2017 ആഗസ്റ്റ് മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2006-2008)യുടെ ഇരുപതാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

# പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

## പതിനഞ്ചാമത് റിപ്പോർട്ട്

(2017 ആഗസ്റ്റ് മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2006-2008)യുടെ ഇരുപതാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

1292/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം: പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 13 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. സുരേഷ് കുറുപ്പ്, എം. എൽ. എ.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. അടൂർ പ്രകാശ്

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

*ശ്രീ. എ. കെ. ശശീന്ദ്രൻ

ശ്രീ. പി. ടി. തോമസ്

ശ്രീ. എം. ഉമ്മർ

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ. എം., അണ്ടർ സെക്രട്ടറി.

*2017 മേയ് മാസം 5-ാം തീയതിയിലെ 221-ാം നമ്പർ ഭാഗം 2 ബുള്ളറ്റിൻ പ്രകാരം.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-2019)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2016-2019)യുടെ 15-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2006-2008)യുടെ 20-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2017 ആഗസ്റ്റ് മാസം 9- ാം തീയതി ചേർന്ന സമിതി യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. സുരേഷ് കുറുപ്പ്,

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2017, ആഗസ്റ്റ് 9.

# റിപ്പോർട്ട്

## അദ്ധ്യായം-I

1.1 ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1998-1999 മുതൽ 2004-2005 വരെയുള്ള സമാഹൃത റിപ്പോർട്ടുകളിലെ മഹാത്മാഗാന്ധി സർവ്വകലാശാലയെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)യുടെ ഇരുപതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)യുടെ ഇരുപതാമത് റിപ്പോർട്ട് 2008 ജൂൺ മാസം 26-ാം തീയതി സഭയിൽ സമർപ്പിച്ചു. ഈ റിപ്പോർട്ടിൽ തുടർ നടപടികൾ നിർദ്ദേശിച്ച 12 ശിപാർശകളാണുണ്ടായിരുന്നത്. ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽനിന്നും ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച മറുപടി സമിതിയുടെ 31-8-2010-ലെ യോഗം പരിഗണിക്കുകയുണ്ടായി. ഖണ്ഡിക 23, 34, 35, 45, 48, 53, 63 & 64 എന്നിവയിലെ ശിപാർശകളിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ അവ സംബന്ധിച്ച് സമിതി അധിക വിവരം ആരാഞ്ഞിരുന്നുവെങ്കിലും നാളിതുവരെ സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല. പ്രസ്തുത അനാസ്ഥയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

1.3 റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, സമിതി ആവശ്യപ്പെട്ട അധികവിവരം, തുടർശിപാർശകൾ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.4 സർക്കാരിൽ/ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിന്ന് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും സർക്കാർ/ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ മറുപടികളും അദ്ധ്യായം III-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

## അദ്ധ്യായം II

# ശിപാർശകളിന്മേലുള്ള സർക്കാർ മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരവും ശിപാർശകളും തുടർ ശിപാർശകളും

## ഖണ്ഡിക നമ്പർ 23

### ശിപാർശ

2.1.1 നിലവിലുണ്ടായിരുന്ന നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ എച്ച്. ആർ. എ. നൽകുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏതു മാനദണ്ഡമനുസരിച്ചാണ് നൽകിയതെന്നുമുള്ള വിവരം അറിയിക്കണമെന്നും സമിതി ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ ഉന്നത വിദ്യാഭ്യാസവകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ലെങ്കിൽ അധികമായി നൽകിയ വീട്ടുവാടക അലവൻസ് ബന്ധപ്പെട്ടവരിൽനിന്നും തിരികെ ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.1.2 ടി വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് പ്രത്യേകം സർക്കാരിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാകുറിപ്പ്

2.1.3 ഉന്നത ഉദ്യോഗസ്ഥർക്ക് നിലവിലുണ്ടായിരുന്ന നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ എച്ച്.ആർ.എ. നൽകുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ അനുമതിയോ മറ്റ് ഏതു മാനദണ്ഡമനുസരിച്ചാണോ തുക നൽകിയതെന്നുമുള്ള വിവരമോ സർവ്വകലാശാല ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ വീട്ടുവാടക അലവൻസ് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കിയിട്ടില്ല. യൂണിവേഴ്സിറ്റി ജീവനക്കാർക്ക് അധിക നിരക്കിൽ എച്ച്.ആർ.എ. നൽകുന്നതിന് സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച് സർക്കാരിൽനിന്നും മറുപടി ലഭിച്ചിട്ടില്ല.

### സമിതി ആരാഞ്ഞ അധികവിവരം

2.1.4 വീട്ടുവാടക അലവൻസ് അധിക നിരക്കിൽ നൽകിയത് തിരിച്ച് പിടിക്കുക.

### തുടർ ശിപാർശ

2.1.5 വീട്ടുവാടക അലവൻസ് അധികനിരക്കിൽ നൽകിയത് തിരിച്ച് പിടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## ഖണ്ഡിക നമ്പർ 34, 35

### ശിപാർശ

2.2.1 അമൂല്യവും അപൂർവ്വവുമായ പുസ്തകശേഖരം ഏതൊരു ലൈബ്രറിയുടെയും അഭിമാനമാണ്. അപ്രകാരമുള്ള ശേഖരത്തിൽനിന്ന് പുസ്തകങ്ങൾ നഷ്ടപ്പെടുക എന്നത് ലാഘവബുദ്ധിയോടെ കാണേണ്ട കാര്യമല്ല എന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. 1993 ഫെബ്രുവരി മുതൽ 1999 ജനുവരി വരെ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി റഫറൻസിനായി നൽകിയ 69 പുസ്തകങ്ങൾ കാൺമാനില്ലെന്നും സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസിൽനിന്നും 12,741 രൂപ വിലയുള്ള 18 പുസ്തകങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട് എന്നുമുള്ള ഓഡിറ്റ് പരാമർശം സമിതി ഗുരുതരമായി കാണുന്നു. ഇഷ്യൂ രജിസ്റ്ററിൽ വസ്തുതകൾ രേഖപ്പെടുത്തിയതിലുള്ള അപാകതമൂലമാണ് 69 പുസ്തകങ്ങൾ കാണാനില്ലെന്ന് ഓഡിറ്റിൽ ചൂണ്ടിക്കാണിക്കുവാനിടയായതെന്നും മേൽപ്പറഞ്ഞ അപാകത പരിഹരിച്ചിട്ടുണ്ട് എന്നും സർവ്വകലാശാലാധികൃതർ അറിയിച്ചതിൽനിന്നും ലൈബ്രറിയിലെ പുസ്തകശേഖരത്തെക്കുറിച്ച് പീരിയോഡിക്കൽ ഓഡിറ്റ് നടത്താറില്ല എന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ രണ്ടു വർഷത്തിലൊരിക്കൽ സർവ്വകലാശാല ലൈബ്രറിയിൽ സ്റ്റോക്ക് വെരിഫിക്കേഷനും ഓഡിറ്റും നടത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2.2.2 മേൽപ്പറഞ്ഞ രണ്ട് ഓഡിറ്റ് പരാമർശങ്ങളിലും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് സർവ്വകലാശാലയുടെ നഷ്ടം നികത്തിയതു സംബന്ധിച്ച് രേഖകൾ സമർപ്പിക്കണമെന്നും ആയത് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് ആവശ്യപ്പെടുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.2.3 66 ബുക്കുകൾ ആയിരുന്നു മടക്കി വാങ്ങേണ്ടത്. 60 എണ്ണം തിരികെ വാങ്ങി. ഡിപ്പാർട്ട്മെന്റ് വഴി വിതരണം ചെയ്ത 6 എണ്ണം മടക്കി വാങ്ങാൻ നടപടി സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

2.2.4 ടി സംബന്ധമായ വിശദാംശങ്ങൾ ശേഖരിച്ച് വരികയാണെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് അയച്ചുതരുന്നതാണ്.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.2.5 യൂണിവേഴ്സിറ്റി ലൈബ്രറിയിൽ മടക്കി വാങ്ങിയ പുസ്തകങ്ങളുടെ വിവരങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കി. തിരികെ ലഭിക്കാത്ത പുസ്തകങ്ങളുടെ വില ബന്ധപ്പെട്ടവരിൽനിന്ന് ഈടാക്കുകയും യൂണിവേഴ്സിറ്റി ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടർ സയൻസ് ലൈബ്രറിയിൽനിന്നും കാണാതായ 18 പുസ്തകങ്ങളിൽ 14 എണ്ണം കണ്ടെത്തിയിട്ടുണ്ട്. 4 പുസ്തകങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു. നഷ്ടം നികത്തുന്നതിനു വേണ്ട ശക്തമായ നടപടി സ്വീകരിച്ചിട്ടില്ല.

**സമിതി ആരാഞ്ഞ അധികവിവരം**

2.2.6 കാണാതായ 4 പുസ്തകങ്ങളുടെ വില ഈടാക്കുകയോ അവ പകരം വയ്ക്കുകയോ ചെയ്യുക.

<u>തുടർശിപാർശ</u>

2.2.7 കാണാതായ 4 പുസ്തകങ്ങളുടെ വില ഈടാക്കുകയോ അവ പകരം വയ്ക്കുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഖണ്ഡിക നമ്പർ 45**

<u>ശിപാർശ</u>

2.3.1 അഫിലിയേഷൻ ഫീസും ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസും യഥാസമയം പിരിച്ചെടുക്കാത്തതുകാരണം യൂണിവേഴ്സിറ്റിക്ക് വളരെയധികം നഷ്ടം ഉണ്ടാക്കിയിരിക്കുക യാണെന്ന് സമിതി അഭിപ്രായപ്പെട്ടു. മൂന്നുകോടി രൂപയുടെ കുടിശ്ശിക വന്നിട്ടും യൂണിവേഴ്സിറ്റി ഇതു പിരിച്ചെടുക്കുന്നതിൽ ശുഷ്കാന്തി കാണിക്കാത്തതിനാൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. അഫിലിയേഷൻ ഫീസ് യഥാസമയം പിരിച്ചെടുത്ത് കൃത്യമായി യൂണിവേഴ്സിറ്റിയിൽ അടയ്ക്കുന്നതിനുള്ള സ്ഥിരം സംവിധാനമുണ്ടാക്കണമെന്നും യഥാസമയം ഫീസ് യൂണിവേഴ്സിറ്റി ഫണ്ടിൽ അടയ്ക്കുന്നതിന് വീഴ്ച വരുത്തുന്നപക്ഷം പലിശയും പിഴപ്പലിശയും അതതു കോളേജുകളിൽനിന്നുതന്നെ ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.3.2 അഫിലിയേഷൻ ഫീസും ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസും പിരിച്ചെടുക്കുന്നതിലേക്കായി ഒരു സെക്ഷൻ രൂപീകരിച്ചിട്ടുള്ളതും തൻ വർഷത്തെ ഫീസ് അടയ്ക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ കോളേജുകൾക്ക് നൽകിയിട്ടുള്ളതും ഭൂരിഭാഗം കോളേജുകൾ ഫീസടച്ചിട്ടുള്ളതും ശേഷം കോളേജുകൾക്ക് റിമൈൻഡറുകൾ അയച്ചിട്ടുള്ളതുമാണ്. ഈയിനത്തിലുള്ള കുടിശ്ശിക കണക്കാക്കി അതതു കോളേജുകളെ അറിയിച്ച് പിഴപ്പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികളും പൂർത്തിയായിവരുന്നു.

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.3.3 കോളേജുകളിൽനിന്നുള്ള അഫിലിയേഷൻ ഫീസ് കുടിശ്ശിക പിരിക്കുവാനായി യൂണിവേഴ്സിറ്റി ഒരു പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. ടി സെല്ലിന്റെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ കോളേജുകളിൽനിന്നും കുടിശ്ശിക ഇനത്തിൽ തുക പിരിച്ചെടുത്തിട്ടുണ്ട്. പിരിച്ചെടുത്ത തുകയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. കുടിശ്ശിക കണക്കാക്കി അതതു കോളേജുകളെ അറിയിച്ച് പിഴപ്പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ

പൂർത്തിയായി വരുന്നതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഗവൺമെന്റ് കോളേജുകൾ കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടറുടെ അനുമതി ആവശ്യമാണെന്ന കാരണത്താൽ അഫിലിയേഷൻ ഫീസ് കൃത്യമായി അടയ്ക്കുന്നില്ല എന്നും യൂണിവേഴ്സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്.

**സമിതി ആരാഞ്ഞ അധികവിവരം**

2.3.4 അഫിലിയേറ്റഡ് കോളേജുകൾ യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് അടയ്ക്കുന്നതിനായി വിദ്യാർത്ഥികളിൽനിന്നും ഈടാക്കുന്ന ഫീസുകൾ യഥാസമയം യൂണിവേഴ്സിറ്റി ഫണ്ടിൽ അടച്ചില്ലെങ്കിൽ അത്തരം സ്ഥാപനങ്ങളിലെ പരീക്ഷാ സെന്ററുകൾ നിർത്തലാക്കുക.

<u>തുടർ ശിപാർശ</u>

2.3.5 അഫിലിയേറ്റഡ് കോളേജുകൾ യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് അടയ്ക്കുന്നതിനായി വിദ്യാർത്ഥികളിൽനിന്നും ഈടാക്കുന്ന ഫീസുകൾ യഥാസമയം യൂണിവേഴ്സിറ്റി ഫണ്ടിൽ അടച്ചില്ലെങ്കിൽ അത്തരം സ്ഥാപനങ്ങളിലെ പരീക്ഷാ സെന്ററുകൾ നിർത്തലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഖണ്ഡിക നമ്പർ 48**

<u>ശിപാർശ</u>

2.4.1 ഹൈക്കോടതി വിധി അനുസരിച്ച് തടസ്സം തീർപ്പാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.4.2 ഹൈക്കോടതി വിധി വരുന്നതിനനുസരിച്ച് തീരുമാനം എടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാകുറിപ്പ്**

2.4.3 അധികം നൽകിയ തുക തിരിച്ചു പിടിക്കണമെന്ന് നിർദ്ദേശിച്ചത് സർവ്വകലാശാല സിൻഡിക്കേറ്റ് പരിഗണിച്ചെങ്കിലും, സിൻഡിക്കേറ്റ് തീരുമാന തീയതി വരെ അധികം നൽകിയ തുക തിരിച്ചു പിടിക്കേണ്ടെന്നും സിൻഡിക്കേറ്റ് തീരുമാനത്തീയതിക്ക് ശേഷം നൽകിയ അധിക തുക തിരിച്ചുപിടിക്കാനുമായിരുന്നു സിൻഡിക്കേറ്റ് തീരുമാനം. എന്നാൽ ആയത് സംബന്ധമായി ഫയൽ ചെയ്യപ്പെട്ട പരാതിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത സിൻഡിക്കേറ്റ് തീരുമാനം സ്റ്റേ ചെയ്തു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധി ലഭിക്കുന്നപക്ഷം അറിയിക്കണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

**സമിതി ആരാഞ്ഞ അധികവിവരം**

2.4.4 ശമ്പളം നിജപ്പെടുത്തിയതിലെ അപാകതകൾ സംബന്ധിച്ച് അധികം നൽകിയ തുക ഈടാക്കൽ എന്ന വിഷയത്തിൽ കോടതിയുടെ അനുകൂലമായ ഇടക്കാല ഉത്തരവിന് അനുസൃതമായി നടപടി സ്വീകരിക്കുക.

<u>തുടർ ശിപാർശ</u>

2.4.5 ശമ്പളം നിജപ്പെടുത്തിയതിലെ അപാകതകൾ സംബന്ധിച്ച് അധികം നൽകിയ തുക ഈടാക്കൽ എന്ന വിഷയത്തിൽ കോടതിയുടെ അനുകൂലമായ ഇടക്കാല ഉത്തരവിന് അനുസൃതമായി നടപടി സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**ഖണ്ഡിക നമ്പർ 53**

<u>ശിപാർശ</u>

2.5.1 ഉദ്യോഗസ്ഥരിൽനിന്ന് ടാക്സ് പിരിച്ചശേഷം ആദായനികുതി അടയ്ക്കാതെ കാലവിളംബം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. യൂണിവേഴ്സിറ്റി എന്നുപറയുന്നത് ഇൻകം ടാക്സ് പേയി അല്ലെന്നും ഓരോ വ്യക്തിയുമാണ് ഇൻകം ടാക്സ് അടയ്ക്കേണ്ടതെന്നും യൂണിവേഴ്സിറ്റി ഫണ്ടുപയോഗിച്ച് ഇൻകം ടാക്സ് പെനാൽറ്റി അടയ്ക്കുന്നത് ശരിയായ നടപടിയല്ലായെന്നും പ്രസ്തുത തുക അടയ്ക്കാത്തതിന് ഉത്തരവാദി അന്നത്തെ ധനകാര്യ വിഭാഗത്തിന്റെ ചാർജ്ജ് വഹിച്ചിരുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥനാണെന്നും സമിതി അഭിപ്രായപ്പെട്ടു. പ്രോവിഡന്റ് ഫണ്ട് പിടിക്കുന്നത് കൃത്യസമയത്ത് അടച്ചില്ലെങ്കിൽ പ്രോവിഡന്റ് ഫണ്ട് ആക്ട് അനുസരിച്ച് മിസ് അപ്രോപ്രിയേഷന് കേസ് എടുക്കുന്നതുപോലെ ഇൻകം ടാക്സും കൃത്യസമയത്ത് അടച്ചില്ലെങ്കിൽ നടപടി സ്വീകരിക്കാമെന്നും സമിതി ചൂണ്ടിക്കാട്ടി. കൃത്യനിർവ്വഹണത്തിൽ ഉദ്യോഗസ്ഥർ വരുത്തിയിരിക്കുന്ന വീഴ്ചയ്ക്കും കാലതാമസത്തിനും യൂണിവേഴ്സിറ്റിക്ക് നേരിട്ട് ബാദ്ധ്യതയില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥനാണ് ഉത്തരവാദി എന്നതിനാൽ, നിയമപ്രകാരം അന്നത്തെ ഫൈനാൻസ് ഓഫീസർക്കാണ് ഇതിന്റെ ബാദ്ധ്യതയെന്നും ഈ ഇനത്തിൽ യൂണിവേഴ്സിറ്റിക്ക് ഉണ്ടായതായ 81,963/- രൂപയുടെ നഷ്ടം അന്നത്തെ ഫൈനാൻസ് ഓഫീസറിൽ നിന്നു തന്നെ ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.5.2 ടി വിഷയത്തിൽ സമിതിയുടെ റിപ്പോർട്ട് അനുസരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വിശദീകരണം തേടാൻ തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാകുറിപ്പ്

2.5.3 ടി നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥരോട് സർവ്വകലാശാല വിശദീകരണം തേടുകയോ ടി നഷ്ടത്തിന് ഉത്തരവാദിയായ ഫിനാൻസ് ഓഫീസർ തുക യൂണിവേഴ്സിറ്റി ഫണ്ടിൽ അടവാക്കുകയോ ചെയ്തിട്ടില്ല.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

2.5.4 യഥാസമയം ഇൻകം ടാക്സ് അടയ്ക്കാത്തതുമൂലം യൂണിവേഴ്സിറ്റിക്ക് പിഴപ്പലിശ ഇനത്തിലുണ്ടായ നഷ്ടത്തിന് ലയബിലിറ്റി ഫിക്സ് ചെയ്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുക.

<u>തുടർ ശിപാർശ</u>

2.5.5 യഥാസമയം ഇൻകംടാക്സ് അടയ്ക്കാത്തതുമൂലം യൂണിവേഴ്സിറ്റിക്ക് പിഴപ്പലിശ ഇനത്തിലുണ്ടായ നഷ്ടത്തിന് ലയബിലിറ്റി ഫിക്സ് ചെയ്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നു ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഖണ്ഡിക നമ്പർ 63, 64

<u>ശിപാർശ</u>

2.6.1 യൂണിവേഴ്സിറ്റിയിൽനിന്ന് പെൻഷൻ പറ്റുന്ന എല്ലാ ജീവനക്കാരുടെയും സർവ്വീസ് ബുക്കുകൾ, പെൻഷൻ ഫയലുകൾ എന്നിവ നിർബന്ധമായും പ്രീ ഓഡിറ്റിന് വിധേയമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2.6.2 സർക്കാർ സർവ്വീസിലെ ഗസറ്റഡ് ജീവനക്കാരുടെ Entitlement Register അക്കൗണ്ടന്റ് ജനറൽ സൂക്ഷിക്കുന്നപോലെ യൂണിവേഴ്സിറ്റിയിലെ ഗസറ്റഡ് ഉദ്യോഗസ്ഥർക്കും Entitlement Register സൂക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. സമിതിയുടെ നിർദ്ദേശ പ്രകാരം കഴിഞ്ഞ രണ്ടു വർഷത്തിനകം പെൻഷനായവരുടെ പെൻഷൻ ഫയലുകൾ, സർവ്വീസ് ബുക്കുകൾ എന്നിവ ഓഡിറ്റ് നടത്തിയതിൽ കണ്ടുപിടിക്കപ്പെട്ട അപാകതകൾ എത്രയുംവേഗം പരിഹരിച്ച് ഈടാക്കേണ്ട തുകകൾ ഈടാക്കി ആയതിന്റെ വിശദവിവരം സമിതിയെ അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.6.3 പെൻഷൻ പേപ്പറുകൾ ഡെപ്യൂട്ടി ഡയറക്ടർ നിലവിൽ പ്രീ ഓഡിറ്റ് ചെയ്യുന്നുണ്ട്. എൻടൈറ്റിൽമെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ബന്ധപ്പെട്ടവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്. പെൻഷൻ ഫയലുകൾ, സർവ്വീസ് ബുക്കുകൾ എന്നിവ ഓഡിറ്റ് നടത്തിയതിൽ കണ്ടുപിടിക്കപ്പെട്ട അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.6.4 പെൻഷൻ പേപ്പറുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം നിലവിൽ പ്രീ-ഓഡിറ്റ് ചെയ്യുന്നുണ്ട്. പെൻഷൻ ഫയലുകൾക്കൊപ്പം സെക്ഷൻ ഓഫീസർ മുതൽ മുകളിലോട്ടുള്ളവരുടെ എൻടൈറ്റിൽമെന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുന്നുണ്ട്. സമിതിയുടെ നിർദ്ദേശപ്രകാരം പ്രത്യേകമായി പെൻഷൻ ഫയലുകൾ, സർവ്വീസ് ബുക്കുകൾ എന്നിവ ഓഡിറ്റ് നടത്തിയതിൽ കണ്ടുപിടിക്കപ്പെട്ട അപാകതകൾ പരിഹരിച്ചതു സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

## സമിതി ആരാഞ്ഞ അധികവിവരം

2.6.5 പെൻഷൻ പേപ്പറുകൾ പ്രീ-ഓഡിറ്റിന് അയയ്ക്കുന്നതും എൻടൈറ്റിൽമെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നതും സംബന്ധിച്ച അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിവരങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെടുക.

## തുടർ ശിപാർശ

2.6.6 പെൻഷൻ പേപ്പറുകൾ പ്രീ-ഓഡിറ്റിന് അയയ്ക്കുന്നതും എൻടൈറ്റിൽമെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നതും സംബന്ധിച്ച അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിവരങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

അദ്ധ്യായം - III

## സർക്കാരിൽ/ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിന്ന് ലഭിച്ച മറുപടികളുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ ഇടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽനിന്ന ലഭിച്ച മറുപടികളും

## ഖണ്ഡിക നമ്പർ 8

ശിപാർശ

3.1.1 ആയതിനാൽ അനധികൃതവും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥയെ ലംഘിച്ചുകൊണ്ടുമുള്ള പ്രസ്തുത നിയമനത്തിലൂടെ യൂണിവേഴ്സിറ്റിക്കുണ്ടായ സാമ്പത്തിക ബാദ്ധ്യത മുഴുവൻ ഇതിനുത്തരവാദിയായവരിൽനിന്നും റവന്യൂ റിക്കവറിവഴി ഈടാക്കണമെന്നും ഇവരുടെ മേൽ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും കൂടാതെ ഗവൺമെന്റിന്റെ അനുമതിയില്ലാതെ സൃഷ്ടിച്ചതും ഇപ്പോഴും തുടരുന്നതുമായ 3 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ തസ്തികകൾ നിർത്തലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.1.2 19-6-2008-ൽ കൂടിയ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് യോഗം നിയമസഭാ കമ്മിറ്റിയുടെ പരാമർശങ്ങൾ ചർച്ച ചെയ്യുകയും പുതിയ തസ്തികകൾ സൃഷ്ടിച്ചതിന്റെ ആവശ്യകത സർക്കാരിനെ ബോധ്യപ്പെടുത്തി അംഗീകാരം വാങ്ങാൻ തീരുമാനിക്കുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്. അംഗീകാരം കിട്ടുന്നതിലേക്കാവശ്യമായ ജസ്റ്റിഫിക്കേഷൻ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുവാനും തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാകുറിപ്പ്

3.1.3 ടി തസ്തികകൾ സൃഷ്ടിച്ചതിലൂടെ യൂണിവേഴ്സിറ്റിയ്ക്കുണ്ടായ സാമ്പത്തിക ബാധ്യത ആയതിന് ഉത്തരവാദി ആയവരിൽ നിന്നും ഈടാക്കുകയോ അവരുടെമേൽ വകുപ്പുതല നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അനധികൃതമായി സൃഷ്ടിക്കപ്പെട്ട 3 തസ്തികകളിൽ [രണ്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) + ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)]. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തിക 31-7-2002 പ്രാബല്യത്തിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) തസ്തിക 15-6-2006 പ്രാബല്യത്തിലും നിർത്തലാക്കിയിട്ടുണ്ട്. നിലവിൽ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) തസ്തിക നിലനിൽക്കുന്നു. ടി സംബന്ധമായ ജസ്റ്റിഫിക്കേഷൻ റിപ്പോർട്ട് യൂണിവേഴ്സിറ്റിയുടെ എഡി-എ 1-3-184/2006 തീയതി 2-9-2008 കത്തുപ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി ഉന്നത വിദ്യാഭ്യാസ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 15

### ശിപാർശ

3.2.1 മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അസെറ്റ്സ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല എന്ന യൂണിവേഴ്സിറ്റി ഫൈനാൻസ് ഓഫീസറുടെ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. ഇത്രയും വലിയൊരു സ്ഥാപനത്തിന്റെ അസെറ്റ്സ് എത്രയാണെന്ന് പറയാൻ കഴിയാത്തത് ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തി. അക്കൗണ്ടിംഗ് സിസ്റ്റത്തിന് അനിവാര്യമായ ഒരു നടപടിക്രമമാണ് റീകൺസിലിയേഷൻ എന്നിരിക്കെ റീകൺസിലിയേഷൻ നടത്താതെ നിലവിലുള്ള രീതി തുടർന്നാൽ അത് സർവ്വകലാശാലയുടെ അക്കൗണ്ടിംഗിനെ തന്നെ സാരമായി ബാധിക്കുമെന്നും ഭാവിയിൽ ഉദ്യോഗസ്ഥർക്ക് വൻസാമ്പത്തിക ബാദ്ധ്യത ഉണ്ടാകാനുള്ള സാഹചര്യം സൃഷ്ടിക്കുമെന്നും സമിതി ചൂണ്ടിക്കാട്ടി. അക്കൗണ്ടിംഗ് സിസ്റ്റത്തിൽ മാറ്റം വരുത്തുന്നതിന് ഫിനാൻസ് വിംഗാണ് നിർദ്ദേശം വയ്ക്കേണ്ടതെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ സമയബന്ധിതമായി മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ധനകാര്യ വിഭാഗം അക്കൗണ്ട്സ് റൂൾസ് തയ്യാറാക്കണമെന്നും സിംഗിൾ എൻട്രി സിസ്റ്റത്തിൽ നിന്നും ഡബിൾ എൻട്രി സിസ്റ്റത്തിലേക്ക് അക്കൗണ്ടിംഗ് രീതി മാറ്റുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സിൻഡിക്കേറ്റിന്റെ അംഗീകാരത്തോടെ നടപ്പിലാക്കുന്നതിന് വേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### സ്വീകരിച്ച നടപടി

3.2.2 ഫിനാൻസ് ഓഫീസർ തയ്യാറാക്കിയ അക്കൗണ്ട്സ് റൂൾ (ഡബിൾ എൻട്രി സിസ്റ്റം) വിദഗ്ധർ അടങ്ങിയ ഒരു കമ്മിറ്റിയുടെ പരിശോധനയ്ക്ക് നൽകിയിരിക്കുകയാണെന്ന് അറിയിച്ചിട്ടുണ്ട്. ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് അക്കൗണ്ടിനൊപ്പം തയ്യാറാക്കി നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാകുറിപ്പ്

3.2.3 ഫിനാൻസ് ഓഫീസർ അക്കൗണ്ട്സ് റൂൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും നിലവിൽ ആയത് അംഗീകരിച്ച് യൂണിവേഴ്സിറ്റി നടപ്പാക്കിയിട്ടില്ല. അസറ്റ്സ് രജിസ്റ്റർ പ്രത്യേകം സൂക്ഷിക്കുന്നുണ്ട്.

**ഖണ്ഡിക നമ്പർ 20**

ശിപാർശ

3.3.1 ആയതിനാൽ സർവ്വകലാശാലയുടെ ക്രമവിരുദ്ധമായ പ്രസ്തുത നടപടിമൂലം 48,810 രൂപയുടെ പാഴ്ചെലവ് സർവ്വകലാശാലയ്ക്ക് ഉണ്ടായതായി സമിതി വിലയിരുത്തുന്നു. ഓഡിറ്റ് പരാമർശത്തെത്തുടർന്ന് പിൻവലിക്കപ്പെട്ട ഫോണുകൾ 10 വർഷം പഴക്കമുള്ള മോഡലായതിനാൽ ലേലം ചെയ്തുകൊടുക്കുകയോ വിൽക്കുകയോ ചെയ്യുവാൻ സാധിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത മൊബൈൽ ഫോണുകൾ സർവ്വകലാശാലയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പ്രായോഗിക പഠനത്തിനായി നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.3.2 ടി മൊബൈൽ ഫോണുകൾ സർവ്വകലാശാലയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജിൽ പഠനത്തിനായി നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാകുറിപ്പ്**

3.3.3 മൊബൈൽ ഫോണുകൾ സർവ്വകലാശാലയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജിൽ പഠനത്തിനായി നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച് കോളേജ് ഡയറക്ടറുടെ അക്നോളജ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 28**

ശിപാർശ

3.4.1 രഹസ്യ ചെലവുകൾ ഓഡിറ്റ് ചെയ്യുന്നതു സംബന്ധിച്ച് സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടില്ലെന്നും എം. ജി. യൂണിവേഴ്സിറ്റിയിൽ പരീക്ഷാ കൺട്രോളർ നടത്തുന്ന ചെലവുകളുടെ വൗച്ചറുകൾ വൈസ് ചാൻസലർക്ക് കൊടുക്കുന്നതല്ലാതെ വൈസ് ചാൻസലർ സാക്ഷ്യപത്രം നൽകുന്നതായി രേഖകളില്ല എന്നും സമിതി മനസ്സിലാക്കുന്നു. കേരള ഫിനാൻഷ്യൽ കോഡ് വാല്യം II അദ്ധ്യായം 5, 103-ാം ആർട്ടിക്കിളിലെ വ്യവസ്ഥ അനുസരിച്ച് ഗവൺമെന്റ് വകുപ്പുകളുടെ രഹസ്യ

ചെലവുകളുടെ കണക്കുകൾ ഓഡിറ്റിന്‌വിധേയമാക്കേണ്ടതില്ല. എന്നാൽ ഈ കണക്കുകൾ ഭരണവകുപ്പ് നിയോഗിക്കുന്ന ഒരു കൺട്രോളിംഗ് ഓഫീസർ ആഡിറ്റ് നടത്തി സാക്ഷ്യപത്രം നൽകേണ്ടതായിട്ടുണ്ട്. ആയതിനാൽ സർവ്വകലാശാലകളുടെ രഹസ്യ ചെലവുകൾ വൈസ് ചാൻസലർ പരിശോധിച്ച് ധനവിനിയോഗം സാക്ഷ്യപ്പെടുത്തേണ്ടതും സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.4.2 രഹസ്യചെലവുകൾ സംബന്ധിച്ച വിവരങ്ങൾ സാക്ഷ്യപ്പെടുത്താൻ യൂണിവേഴ്സിറ്റി വൈസ് ചാൻസലറെ ചുമതലപ്പെടുത്തിയതായി അറിയിച്ചിട്ടുണ്ട്.

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാകുറിപ്പ്**

3.4.3 നിലവിൽ രഹസ്യചെലവുകൾ വൈസ് ചാൻസലർ സർട്ടിഫൈ ചെയ്യുന്നുണ്ട്.

**ഖണ്ഡിക നമ്പർ 55**

<u>ശിപാർശ</u>

3.5.1 ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2017, ആഗസ്റ്റ്, 9.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങൾ/തുടർശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക | ബന്ധപ്പെട്ട വകുപ്പ് | നിഗമനം/തുടർശിപാർശ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2.1.5 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | വീട്ടുവാടക അലവൻസ് അധികനിരക്കിൽ നൽകിയത് തിരിച്ച് പിടിക്കണമെന്ന നിർദ്ദേശം ഒരിക്കൽകൂടി ആവർത്തിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 2.2.7 | " | കാണാതായ 4 പുസ്തകങ്ങളുടെ വില ഈടാക്കുകയോ അവ പകരം വയ്ക്കുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 2.3.5 | " | അഫിലിയേറ്റഡ് കോളേജുകൾ യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് അടയ്ക്കുന്നതിനായി വിദ്യാർത്ഥികളിൽനിന്നും ഈടാക്കുന്ന ഫീസുകൾ യഥാസമയം യൂണിവേഴ്സിറ്റി ഫണ്ടിൽ അടച്ചില്ലെങ്കിൽ അത്തരം സ്ഥാപനങ്ങളിലെ പരീക്ഷാ സെന്ററുകൾ നിർത്തലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 2.4.5 | " | ശമ്പളം നിജപ്പെടുത്തിയതിലെ അപാകതകൾ സംബന്ധിച്ച് അധികം നൽകിയ തുക ഈടാക്കൽ എന്ന വിഷയത്തിൽ കോടതിയുടെ അനുകൂലമായ ഇടക്കാല ഉത്തരവിന് അനുസൃതമായി നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | 2.5.5 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | യഥാസമയം ഇൻകം ടാക്സ് അടയ്ക്കാത്തത് മൂലം യൂണിവേഴ്സിറ്റിക്ക് പിഴപ്പലിശ ഇനത്തിലുണ്ടായ നഷ്ടത്തിന് ലയബിലിറ്റി ഫിക്സ് ചെയ്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 2.6.6 | " | പെൻഷൻ പേപ്പറുകൾ പ്രീ-ഓഡിറ്റിന് അയയ്ക്കുന്നതും എൻടൈറ്റിൽമെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നതും സംബന്ധിച്ച അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിവരങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് പരിശോധനയ്ക്ക് ഹാജരാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.